Oqm: 16686

"ഭരണഭാഷ മാതൃഭാഷ"

08 MAR 2021

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിള ശക്തി കേന്ദ്ര പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും SRCW യുടെ മേൽനോട്ടം വഹിയ്ക്കുന്നതിനായി State Task Force രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.159/2021/സാനീവ** **തീയതി, തിരുവനന്തപുരം, 16/02/2021**

---

പരാമർശം: 1. സ.ഉ(സാധാ)നം. 548/2019/സാനീവ തീയതി 31.08.2019.
2. സ.ഉ(സാധാ)നം. 533/2020/സാനീവ തീയതി 07.10.2020.
3. വനിത ശിശു വികസന ഡയറക്ടറുടെ 05.01.2021 ലെ ഡബ്ല്യുസി4/159994/20 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി മുതലായ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയായ മഹിളാ ശക്തി കേന്ദ്ര (MSK) വിവിധ തട്ടുകളായാണ് നടപ്പിലാക്കുന്നത്. സംസ്ഥാന തലത്തിൽ State Resource Centre for Women (SRCW), ജില്ലാതലത്തിൽ District Level Centre for Women (DLCW), ബ്ലോക്ക് തലത്തിൽ Block level committee എന്നിങ്ങനെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായി പരാമർശം (1) പ്രകാരം District Tast Force രൂപീകരിക്കുകയും DLCW, BLC എന്നിവയുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. SRCW കുടുംബശ്രീയിൽ നിന്നും വകുപ്പിനു കൈമാറി മഹിളാ ശക്തി കേന്ദ്രയുടെ പ്രവർത്തനം പുനരാരംഭിക്കാൻ പരാമർശം (2) പ്രകാരം ഉത്തരവ് നൽകുകയും ആയതിനുള്ള നടപടി സ്വീകരിച്ചും വരുന്നുവെന്നും, എന്നാൽ പദ്ധതി മാർഗ്ഗ രേഖ പ്രകാരം SRCW യുടെ മേൽ നോട്ടം, പദ്ധതിയുടെ പ്രവർത്തനം എന്നിവ വിലയിരുത്തേണ്ടത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Task Force ആണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിള ശക്തി കേന്ദ്ര പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും SRCW യുടെ മേൽനോട്ടം വഹിയ്ക്കുന്നതിനുമായി ചുവടെ ചേർക്കും പ്രകാരം State Task Force രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | Secretary, Women and Child Development Department | Chairman |
| 2 | Director, Women and Child Development Department | Convener |
| 3 | Additional Secretary, Finance Department | Member |
| 4 | Director, Labour and Skill Department | Member |
| 5 | Director, Health and Family Welfare Department | Member |
| 6 | Director, Panchayat Department | Member |

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിള ശക്തി കേന്ദ്ര പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും SRCW യുടെ മേൽനോട്ടം വഹിക്കുന്നതിനായി മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം State Task Force രൂപീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മുഹമ്മദ് അൻസാരി**
**അഡീഷണൽ സെക്രട്ടറി**

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
തൊഴിലും നൈപുണ്യവും വകുപ്പ്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
പഞ്ചായത്ത് വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Seena
സെക്ഷൻ ഓഫീസർ

ഉ.ഉ.നം. ഭക്ഷ01-16686/2021/ആവഡ തിയതി:10/3/21

സർക്കാർ ഉത്തരവിന്റെ പകർപ്പ് ജില്ലാ
ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അറിവിലേക്കായി നൽകുന്നു.

ആ. വ. സജിത് ചെറി

10/3/21

സ്വീകർത്താവ്
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
2. വെബ്സൈറ്റ്.